# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8009 24.07.2012 ൽ മറുപടിയ്ക്ക്

**കേരളത്തിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ അനുവദിച്ചിട്ടുള്ള സൗജന്യ നിരക്ക്**

| ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കേരളത്തിൽ വിദ്യാർത്ഥികൾക്ക് യാത്രക്കായി അനുവദിച്ചിട്ടുള്ള സൗജന്യനിരക്ക് സ്വകാര്യ ബസ്സുടമകൾ അനുവദിച്ചുകൊടുത്തിട്ടുള്ള ഔദാര്യമാണോ അതോ സർക്കാർ അനുവദിച്ചിട്ടുള്ള അവകാശമാണോ എന്ന് വെളിപ്പെടുത്തുമോ; | (എ) | സർക്കാർ അനുവദിച്ചിട്ടുള്ള അവകാശമാണ്. |
| (ബി) വിദ്യാർത്ഥികളുടെ സൗജന്യ ബസ് നിരക്കുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉയരുന്ന തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊള്ളുന്നത്; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യവുമായി ബന്ധപ്പെട്ട് നേരിടേണ്ടിവരുന്ന വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br>അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ District Students Travel facility Committee വിളിച്ചു ചേർക്കുവാനും വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികളിന്മേൽ ഉചിതമായ തീരുമാനങ്ങളെടുക്കുവാനും ആർ.ടി.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയോ, ട്രാൻസ്പോർട്ട് കമ്മീഷണറുടെയോ, സർക്കാരിന്റെയോ, ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്, ഡയറക്ടർ ഓഫ് കോളീജിയേറ്റ് എഡ്യുക്കേഷൻ എന്നിവർക്ക് |

| | | |
|---|---|---|
| | | സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെതന്നെ എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും കൺസഷൻ അനുവദിച്ചുകൊണ്ട് 28.11.2011 ലെ ജി.ഒ.(പി) നം.63/2011/ഗതാ ((എസ്.ആർ.ഒ.) നം.748/11 )പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി തുടങ്ങിയ എല്ലാ അവധി ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രൈവറ്റ്/ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ സാധിക്കും. |
| (സി) പല ബസ് സ്റ്റാൻഡുകളിലും ബസ് സ്റ്റോപ്പുകളിലും യാത്രക്കാരെ മുഴുവൻ കയറ്റിയതിനുശേഷം വിദ്യാർത്ഥികളെ ക്യൂ നിർത്തി ബസ്സിൽ കയറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) പ്രസ്തുത നടപടി നിയമാനുസൃതമാണോ എന്ന് വെളിപ്പെടുത്തുമോ; അല്ലെങ്കിൽ അതിനെതിരെ എന്ത് നടപടിയാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ഇ) വിദ്യാർത്ഥികളെ ഈ രീതിയിൽ ബസിൽ കയറ്റുന്നത് സംഘർഷം വർദ്ധിക്കുവാൻ കാരണമാകുന്നതായി അറിയാമോ; | (ഡി & ഇ) | നിയമാനുസൃതമല്ല. ക്യൂ നിർത്തി ബസ്സിൽ കയറ്റുന്നതു പോലെ ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബസ്സിന്റെ പേര്, നമ്പർ, റൂട്ട് എന്നിവ വ്യക്തമാക്കിക്കൊണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കോ ഗതാഗത കമ്മീഷണർക്കോ സർക്കാരിലേക്കോ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അധികാരി മുഖേന പരാതികൾ നൽകാവുന്നതാണെന്നും ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണെന്നും വിദ്യാർത്ഥി സമൂഹത്തിന് നിയമാനുസൃതമായി അനുവദിച്ചിട്ടുള്ള യാത്രാ കൺസഷൻ മേൽ വിവരിച്ച പരാതികൾ ഉണ്ടാകാത്ത വിധത്തിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ യാത്രാ ബസ്സുടമകളും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പരാതികൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും |

| | | |
|---|---|---|
| | | സ്കൂൾ/കോളേജിനടുത്തുള്ള ബസ്സ് സ്റ്റോപ്പുകളിൽ വിദ്യാർത്ഥികൾക്ക് ഇത്തരം തിക്താനുഭവങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ മിന്നൽ പരിശോധന നടത്തുവാനും എല്ലാ ആർ.ടി.ഓ/ജോയിന്റ് ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) എങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബസ്സുടമകളും വിദ്യാർത്ഥികളുമായി ഒരു ചർച്ചയ്ക്ക് തയ്യാറാകുമോ; വിശദമാക്കുമോ? | (എഫ്) | ഇത്തരത്തിലുള്ള തർക്കങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായും സ്വകാര്യ ബസ്സുടമകളുടെ അസോസിയേഷൻ പ്രതിനിധികളും വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളും അടങ്ങുന്ന സ്റ്റുഡൻസ് ട്രാവൽ ഫെസിലിറ്റി സംവിധാനം ഇപ്പോൾ നിലവിലുള്ളതും ആയത് പ്രവർത്തിച്ചു വരുന്നുമുണ്ട്. |

ക്ഷ.

സെക്ഷൻ ഓഫീസർ